**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5494** **03-11-2021 - ൽ മറുപടിയ്ക്ക്**

**ഡയാലിസിസ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; ഇവയിൽ സർക്കാർ, സ്വകാര്യ ആശുപത്രികളുമായി ചേർന്നുള്ളവ, സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവ എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ 10 മെഡിക്കൽ കോളേജുകളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ 933 ഡയാലിസിസ് മെഷീനുകൾ 91 DHSന് കീഴിലുള്ള സർക്കാർ ആശുപത്രികളിലായി പ്രവർത്തിക്കുന്നുണ്ട്. ആശുപത്രികളുടെ സ്ഥല ലഭ്യത അനുസരിച്ച് ടി മെഷീനുകൾ യൂണിറ്റുകളായി തിരിച്ച് അതാത് ആശുപത്രികളിൽ ഡയാലിസിസ് ചെയ്തു വരുന്നു. സ്വകാര്യ ആശുപത്രികളുമായി ചേർന്നുള്ളവ, സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവ എന്നിവയുടെ കണക്കുകൾ നിലവിൽ ലഭ്യമല്ല. |
| (ബി) | പ്രസ്തുത സെൻററുകളുടെ രജിസ്ട്രേഷൻ, സജ്ജീകരണങ്ങളുടെ പരിശോധന, ഡയാലിസിസ് ചെയ്യുന്നതിനുള്ള നിരക്കുകളുടെ ഏകീകരണം എന്നിവയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ മാർഗ്ഗ നിർദേശങ്ങൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾക്ക് രജിസ്ട്രേഷൻ ഇല്ല. സജ്ജീകരണങ്ങളുടെ പരിശോധന, ജില്ലാ മെഡിക്കൽ ഓഫീസർ, ആശുപത്രി സൂപ്രണ്ട്, ആർ.എം.ഒ, നെഫ്രോളജിസ്റ്റ്, എച്ച്.എം.സി ചെയർമാൻ തുടങ്ങിയവർ അടങ്ങിയ ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ നിരക്കുകൾ സംബന്ധിച്ച് അതാത് ഹോസ്പിറ്റൽ എച്ച്.എം.സി ആണ് തീരുമാനമെടുക്കുന്നത്. 2018 ലെ കേരള ക്ലിനിക്കൽ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരം സംസ്ഥാനത്തെ എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. പ്രസ്തുത രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ചു വരുന്നു. രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് സ്ഥിര രജിസ്ട്രേഷൻ നൽകുമ്പോൾ മാത്രമാണ് കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് 2018 അനുസരിച്ച് നേരിട്ടുള്ള പരിശോധന നടത്തുന്നത്. നിരക്കുകളുടെ ഏകീകരണം സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. |
| (സി) | സൗജന്യ ഡയാലിസിസ് ചെയ്യുന്നതിന് സർക്കാർ തലത്തിൽ സൗകര്യം ഏർപ്പെടുത്തുകയോ ആയതിന് | (സി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട് എന്നീ പദ്ധതികളിൽ |

| | | | |
|---|---|---|---|
| | സൗകര്യമില്ലാത്ത സാഹചര്യത്തിൽ സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസ് ചെയ്യുന്നതിന് ധന സഹായം നൽകുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | ഉൾപ്പെടുത്തി പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാണ്. എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽ KASP, KBF പദ്ധതി മുഖാന്തിരം ഡയാലിസിസ് സൗജന്യമായി നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ